വയനാട് ജില്ലയിലെ മൃഗസംരക്ഷണ മേഖലയ്ക്ക് നൽകിയ ആനുകൂല്യം

138(1396) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ മൃഗ സംരക്ഷണ മേഖലയ്ക്ക് നൽകിയ ആനുകൂല്യങ്ങളുടെയും കൈവരിച്ച നേട്ടങ്ങ ളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ മൃഗ സംരക്ഷണ മേഖലയ്ക്ക് നൽകിയ ആനുകൂല്യങ്ങളുടെയും കൈവരിച്ച നേട്ടങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി കൊടുക്കുന്നു.* ഇതു കൂടാതെ പൂക്കോട് പ്രവർത്തിക്കുന്ന വെറ്ററിനറി കോളേജിനെ ശക്തിപ്പെടുത്തുന്നതിന് 5.09 കോടി രൂപ ഗ്രാമീണ പശ്ചാത്തല വികസന നിധിയിലൂടെ കണ്ടെത്തുകയും ഒരു വെറ്ററിനറി സർവ്വകലാശാല പൂക്കോട് ആസ്ഥാനമാക്കി തുടങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു നൂതന അറവുശാലയും മാംസസംസ്കരണ പ്ലാന്റും ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി മുഖേന നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ (10 കോടി രൂപ) സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള നടപടി

140(1397) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പാൽ, മുട്ട, മാംസം എന്നിവയുടെ പ്രതിദിന ആവശ്യം, ലഭ്യത ഇവ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്പോഴത്തെ പ്രതിദിന ഉപഭോഗത്തെക്കുറിച്ചും, അതിനായി മറ്റ് സംസ്ഥാനങ്ങളെ എത്രമാത്രമാണ് ആശ്രയിക്കേണ്ടിവരുന്നത് എന്നതിനെ സംബന്ധിച്ചും വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ :

(ഡി) ഉൽപ്പാദനത്തിലും ഉപഭോഗത്തിലുമുള്ള അന്തരം പരിഹരിക്കുന്നതിനായുള്ള നടപടി വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അയൽ സംസ്ഥാനങ്ങളിൽ നിന്നും മികച്ച ഇനം കറവപ്പശുക്കളെ കൊണ്ടുവരുന്ന നടപടി.

2. ക്ഷീരോല്പാദന വർദ്ധനവിനായി നടപ്പ് സാമ്പത്തിക വർഷം മൃഗ സംരക്ഷണ വകുപ്പ് ക്ഷേമ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(i) പശു,എരുമ സംയോജിത പദ്ധതി (ക്ഷീരഗംഗ)

(ii) പശു, ആട് സംയോജിത പദ്ധതി- വനിതാ സ്വയം സംരംഭകർക്ക് ഒരു പശുവും രണ്ട് ആടും വീതം നൽകുന്ന പദ്ധതി.

(iii) പത്തിലധികം പശുക്കളെ വളർത്തുന്ന കർഷകർക്ക് തൊഴുത്ത് നവീകരണത്തിനായി ഗുണഭോക്താവ് ഒന്നിന് ഒരു ലക്ഷം രൂപ വീതം സഹായ ധനം നൽകുന്ന പദ്ധതി.

(iv) കർഷകരുടെ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരുകോടി രൂപ വിനിയോഗിക്കുന്ന പദ്ധതി.

(v) ജീവരേഖ-സംയോജിത കന്നുകാലി വികസന പരിപാടി.

3. കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ.

4. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണ പരിപാടികൾ.

5. പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ്, കെ.എൽ.ഡി.ബോർഡ്, മൃഗസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകൾ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

6. ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മിൽമ, കേരള ഫീഡ്സ് തുടങ്ങിയ സഹകരണ/സർക്കാർ കാലിത്തീറ്റ ഉല്പാദന കേന്ദ്രങ്ങളുടെ ഉൽപ്പാദന സംരേണ ശേഷി വർദ്ധിപ്പിച്ചു. സംസ്ഥാനത്ത് കേരള ഫീഡ്സിന്റെ ആഭിമുഖ്യത്തിൽ പുതിയ കാലിത്തീറ്റ പ്ലാന്റും ഫോഡർ നിർമ്മാണ യൂണിറ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

7. കറവപ്പശുക്കൾക്ക് വിര മരുന്നുകൾ ധാതുലവണ മിശ്രിതം എന്നിവ മൃഗസംരക്ഷണ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ശാസ്ത്രീയ കന്നുകാലി പരിശീലന സമ്പ്രദായങ്ങളെക്കുറിച്ച് കർഷകർക്ക് അറിവ് പകർന്നു നൽകുന്നതിനായി പരിശീലന പരിപാടികൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു.

9. കറവപ്പശുക്കളുടെ സംരക്ഷണത്തിനായി പതിനൊന്ന് ജില്ലകളിൽ കേന്ദ്ര സഹായത്തോടെയും കാസർഗോഡ്, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചും കന്നുകാലികളെ സൗജന്യനിരക്കിൽ ഇൻഷുർ ചെയ്യുന്ന ഗോസുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു.

10. കന്നുകാലി ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ കറവപ്പശുക്കളെ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11. സർക്കാരിന്റെ ഉടമസ്ഥതയിൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

12. ഉൽപ്പാദനശേഷി കൂടിയ കറവപ്പശുക്കളെ സൃഷ്ടിക്കുന്നതിന് ഉതകുന്ന കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു.

മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മാതൃ-പിതൃ ശേഖരത്തെ വളർത്തി കൂടുതൽ മുട്ടക്കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചു. കോഴികളുടെ ആരോഗ്യസംരക്ഷണത്തിനായി അക്സാഡ് പദ്ധതി പ്രകാരം രോഗപ്രതിരോധ കുത്തിവയ്പ് നടത്തി. 2009-2010-ൽ മൃഗസംരക്ഷണ വകുപ്പിന്റെ സംയോജിത കോഴിവളർത്തൽ പദ്ധതിയിൽ കീഴിൽ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത ബ്ലോക്കുകളിലെ 416664 ബി.പി.എൽ കുടുംബങ്ങൾക്ക് 2 കോഴികളെ വീതം വിതരണം ചെയ്തു വരുന്നു. 2010-1011-ൽ 176000 ബി.പി.എൽ. ബി.പി.എൽ. കുടുംബങ്ങൾക്ക് 2 കോഴികളെ വീതം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോന്ദ്രാവിഷ്കൃത പദ്ധതിയായ പിന്നാമ്പുറത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ 45 ദിവസം മുതൽ 60 ദിവസം വരെ വളർത്തി കർഷകർക്ക് ലഭ്യമാക്കുന്നതിനായി 1250 കോഴിക്കുഞ്ഞുങ്ങൾ ഉൾക്കൊള്ളുന്ന 25 മദർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

സംസ്ഥാനത്ത് മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ഗ്രാമം നിറയെ കോഴി വീട്ടുമുറ്റത്തെ കോഴി, വീട്ടമ്മയുടെ അരുമ കോഴി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കോഴി വളർത്തൽ തൊഴിൽ താത്പര്യമുള്ള കർഷകർക്ക് വേണ്ടി ഇന്റഗ്രേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പ് മാംസത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) ആട്,പന്നി,മുയൽ തുടങ്ങി മാംസത്തിനായി ഉപയോഗിക്കുന്ന മൃഗങ്ങളുടെ വർദ്ധനവിനുള്ള പദ്ധതി

(ii) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ഇറച്ചിക്കോഴി വളർത്തലിലും കെ.എൽ.ഡി.ബോർഡ്, എം.പി.ഐ. എന്നീ സ്ഥാപനങ്ങൾ ആട്. പന്നി എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനും നടപടി സ്വീകരിച്ചു.

(iii) കെ.എസ്.പി.ഡി.സി., എം.പി.ഐ. എന്നീ സ്ഥാപനങ്ങൾ മാംസ വിപണനത്തിലും ഏർപ്പെട്ടുവരുന്നു.

(ബി) ഉണ്ട്. വിവരം ചുവടെ ചേർക്കുന്നു:

	പാൽ	മുട്ട	മാംസം
	(ലക്ഷം ലിറ്റർ)	(ലക്ഷം)	(ടൺ)
പ്രതിദിന ആവശ്യം	78.86	140	840
പ്രതിദിന ഉല്പ്പാദനം	69.5	44.6	602

(സി) നിലവിൽ പാൽ,മുട്ട,മാംസം എന്നിവയുടെ പ്രതിദിന ഉല്പാദനം പ്രതിദിന ഉപഭോഗത്തേക്കാൾ കുറവാണ്. ഈ കുറവ് പരിഹരിക്കുന്നതിന് ഇപ്പോൾ അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പഠിച്ചുവരികയാണ്.

(ഡി) ഉത്തരം (എ) യിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളെല്ലാം പൂർണ്ണതയിലെത്തുമ്പോൾ ഈ അന്തരം പരിഹരിക്കുവാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി

141(1398) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും അപേക്ഷാ ഫീസ് എത്രയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly